# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 23, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 315)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 7599 മുതൽ 7707 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 7708 മുതൽ 7756 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 7757 മുതൽ 7804 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 7805 മുതൽ 7913 വരെ |

## പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

7599 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഫെബ്രുവരിയിൽ കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാരട്രിബ്യൂണൽ ബിൽ എന്നാണ് രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയച്ചതെന്ന് പറയുമോ;

(ബി) ഈ ബിൽ കേന്ദ്ര സർക്കാരിന്റെ ഏത് മന്ത്രാലയംവഴിയാണ് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബിൽ രാഷ്ട്രപതി ഭവനിലെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് അംഗീകാരം ലഭ്യമായോ;

(ഡി) ഇത് നിലവിൽ ഏത് മന്ത്രാലയത്തിന്റെ കൈവശമാണുള്ളത്;

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

(ഇ) ഇതിന്മേലുള്ള തുടർ നടപടികൾ വൈകാൻ കാരണമെന്ത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് വസ്തുക്കളുടെ നിയന്ത്രണം</u>

7600 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിയന്ത്രണവും നിരോധനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ;

(ബി) പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട വസ്തുക്കളുടെ നിയന്ത്രണം സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(സി) സർക്കാരിന്റെ പരിപാടികളുമായി ബന്ധപ്പെട്ടുള്ള പരിപാടികളുടെ പരസ്യത്തിനായി അനിയന്ത്രിതമായി ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇനിയുള്ള നാളുകളിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഫ്ളക്സ് ബോർഡുകളുടെ അനിയന്ത്രിതമായ വർദ്ധനവിനെത്തുടർന്ന് നാട്ടിലെ പാരമ്പര്യ ചുവരെഴുത്തുകാർക്കും ബോർഡുകൾ എഴുതുന്ന കലാകാരൻമാർക്കും തൊഴിലുകൾ കുറഞ്ഞ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരക്കാർക്കുവേണ്ടി എന്തുനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സെന്റർ ഓഫ് ഗുഡ് ഗവേർണൻസ്</u>

7601 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(സി) ഭരണ നിർവ്വഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തുന്നതിനും അംഗീകരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇത് സ്ഥാപിക്കുന്നതുവഴി ലക്ഷ്യമിട്ടിട്ടുളളത്?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ പലിശ ഇളവ്</u>

7602 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2003 വർഷം മുതലുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാധ്യത പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം ബി.പി.എൽ. വിഭാഗക്കാർക്കൊപ്പം എ.പി.എൽ. വിഭാഗത്തിനും ബാധകമാക്കിയിട്ടുണ്ടോ ;

(സി) ഇപ്രകാരം ആനുകൂല്യം പ്രഖ്യാപിച്ചതിനുശേഷവും ബാങ്കുകൾ കുടിശിക തുക ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്രകാരം പലിശ ഇനത്തിൽ ബാങ്കുകൾ ഈടാക്കിയ തുക മുതലിനോട് ചേർത്ത് തിരിച്ചടവ് ബാധ്യതയിൽ കുറവ് വരുത്താൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പെർമനന്റ് ലോക് അദാലത്ത്</u>

7603 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് യൂട്ടിലിറ്റി സർവ്വീസുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കുന്ന പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ) ഓഫീസുകൾ കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് നിലവിലുള്ളത്;

(ബി) പെർമനന്റ് ലോക് അദാലത്ത് ഇല്ലാത്ത ജില്ലകളിൽ പി.എൽ.എ. ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പി.എൽ.എ. ആരംഭിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ശാസ്ത്ര - സാങ്കേതിക സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവീസ് പെൻഷൻ</u>

7604

ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൻ കീഴിലുള്ള ശാസ്ത്ര - സാങ്കേതിക സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവീസ് പെൻഷൻ നടപ്പിലാക്കാത്തതിനാൽ മികച്ച ശാസ്ത്രജ്ഞൻമാരെ ഈ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് വിഘാതം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർവീസ് പെൻഷൻ നൽകുവാൻ നടപടികൾ സ്വീകരിയ്ക്കുമോ; ആയതിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

**പരിസ്ഥിതി സംരക്ഷണത്തിനുള്ള ഗ്രീൻ ബോണസ് സംവിധാനം**

7605 ശ്രീ. സാജു പോൾ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ വൈദ്യുതി പദ്ധതികൾ നഷ്ടപ്പെട്ടതിനു പരിഹാരമായി കേന്ദ്ര സർക്കാർ ഗ്രീൻ ബോണസ് സംസ്ഥാനത്തിന് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബോണസ്സിന്റെ വിശദ വിവരം അറിയിക്കുമോ;

(സി) ബോണസ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ബോണസ്സ് അനുവദിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

ഗ്രീൻ ടെക്നോളജി

7606 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ടെക്നോളജിയുടെ വികസനവും വിപുലമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ആരാണ് നേതൃത്വം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**23.07.2012-ലെ മറുപടിക്ക്**

<u>മന്ത്രിസഭാ തീരുമാനങ്ങളും അജണ്ടയും വെബ്സൈറ്റിൽ ലഭ്യമാക്കാൻ നടപടി</u>

7607 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ തീരുമാനങ്ങളും ജനങ്ങൾക്കറിയാനായി പ്രസിദ്ധപ്പെടുത്തുമോ ; മന്ത്രിസഭാ തീരുമാനങ്ങളും അജണ്ടയും കുറിപ്പുകളും യഥാസമയം വെബ്സൈറ്റ് വഴി പ്രസിദ്ധീകരിക്കുന്നത് സാദ്ധ്യമാണോ ; എങ്കിൽ നൽകാതിരിക്കുന്നത് എന്തുകൊണ്ട് ;

(ബി) വകുപ്പുകളിൽനിന്ന് പുറപ്പെടുവിക്കുന്ന നിർണ്ണയകമായ പല ഉത്തരവുകളും വെബ്സൈറ്റിൽ ഉടൻ ലഭ്യമാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(സി) ഇതിനകം പുറപ്പെടുവിച്ച ഉത്തരവുകളിൽ ഇപ്പോഴും വെബ്സൈറ്റിൽ നൽകിയിട്ടില്ലാത്തവ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയും മന്ത്രിമാരുമടങ്ങുന്ന സംഘത്തിന്റെ ഡൽഹി സന്ദർശനം

7608 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം മുഖ്യമന്ത്രിയും മന്ത്രിമാരുമടങ്ങുന്ന സംഘം കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി എത്ര തവണ ഡൽഹി സന്ദർശിച്ചു; ഏതെല്ലാം തീയതികളിൽ; വ്യക്തമാക്കുമോ;

(ബി) ഓരോ സന്ദർശനത്തിലും സംസ്ഥാന സർക്കാർ കേന്ദ്രാനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതൊക്കെ; ഇവയിൽ കേന്ദ്രാംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കുമോ;

(സി) അംഗീകാരം ലഭിച്ച ഓരോ പദ്ധതിയും എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നുമാണ് അറിയിച്ചിരുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇവയിൽ പ്രവർത്തനം ആരംഭിക്കാത്ത പദ്ധതികൾ ഏതൊക്കെ; പൂർത്തിയാക്കാത്തത് ഏതൊക്കെ; വ്യക്തമാക്കുമോ;

(ഇ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സന്ദർശനങ്ങൾക്കായി സംസ്ഥാന ഖജനാവിൽ നിന്ന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സേവനാവകാശം</u>

7609 ശ്രീ. തോമസ് ഉണ്ണിയാടൻ
'' മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള
'' സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

നിയമ വിധേയമായി ലഭിക്കേണ്ട സേവനങ്ങൾ ജനങ്ങൾക്ക് നല്കുന്നതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

7610 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവന അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) സേവനാവകാശ നിയമം നടപ്പിലാക്കുമ്പോൾ പല ഓഫീസുകളിലും അധികരിക്കുന്ന ജോലിയ്ക്കനുസരിച്ച് ജീവനക്കാരുടെ അഭാവം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>റോഡ് വികസനത്തിനായി എം. എൽ. എ. മാരുടെ പ്രൊപ്പോസൽ</u>

7611

**ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റോഡ് വികസനത്തിനായി എം. എൽ. എ. മാർ മുഖേന പ്രൊപ്പോസൽ കൊടുക്കാൻ തീരുമാനിച്ച പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഓരോ പദ്ധതികൾക്കുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

## എം. എൽ. എ. മാർക്ക് വകുപ്പുകളിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കൽ

7612 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബജറ്റിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പൊതുമരാമത്തും മറ്റ് വകുപ്പുകളും വകുപ്പുകളിലെ സെക്ഷൻ ഓഫീസ്, ഡിവിഷൻ ഓഫീസ്, സർക്കിൾ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് അതാത് വകുപ്പുകളിൽ നടക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുന്ന റിപ്പോർട്ടുകൾ മാസം തോറും അതാത് ചീഫ് എൻജിനീയർമാർക്ക് നൽകാറുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ നിലവിൽ വകുപ്പുകൾ എം. എൽ. എ. മാർക്ക് മാസം തോറും നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടി
ട്ടുണ്ടോ ;

(സി) ആയത് സർക്കാർ സഭയിൽ നൽകിയ ഉറപ്പിന്റെ ലംഘനമാണെന്നും ഭരണ നിർവ്വഹണത്തിലെ ശ്രദ്ധ കുറവാണെന്നതും ഗൗരവമായി കാണുവാൻ തയ്യാറാവുമോ;

(ഡി) അടിയന്തിരമായി ഇത്തരം റിപ്പോർട്ടുകൾ എം. എൽ. എ. മാർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കാർഷിക സ്വയംതൊഴിൽ പദ്ധതി</u>

T7613 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രത്യേക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4260 പേർക്ക് 6 കോടി രൂപ ചെലവിൽ സ്ഥിരവരുമാനം ലഭ്യമാക്കുന്ന കാർഷികസ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

**ആധാർ രജിസ്ട്രേഷൻ സമയത്ത് അപേക്ഷകനിൽ നിന്നും ശേഖരിക്കുന്ന ബയോമെട്രിക് വിവരങ്ങൾ**

7614 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാർ കാർഡിനായി ഇതുവരെ എത്ര പേർ എൻറോൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏറ്റവും കൂടുതൽ അപേക്ഷകർ എൻറോൾ ചെയ്തത് ഏതെല്ലാം ജില്ലകളിലാണ്;

(സി) എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ആധാർ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം ബയോമെട്രിക് വിവരങ്ങളാണ് ആധാർ രജിസ്ട്രേഷൻ സമയത്ത് അപേക്ഷകനിൽ നിന്നും ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾ വ്യാപിക്കുന്നതിനെതിരെ നടപടി</u>

7615 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പെട്ടെന്ന് വ്യാപിക്കുന്ന ഈ കാലത്ത് കൊതുകുകൾ വളരുന്നില്ലാ എന്നുറപ്പ് വരുത്തുന്നതിന് ഒരു പ്രത്യേക ദിവസം (ആഴ്ചയിൽ ഒന്നോ രണ്ടോ) ശുചിത്വ ദിനമായി ആചരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ഗവൺമെന്റ് ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമായ പ്രചാരണം നടത്തി ശുചിത്വദിനം ആചരിക്കുന്നതിന് മുൻകൈ എടുക്കുമോ ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പൊതു - സ്വകാര്യ പഞ്ചായത്ത് പങ്കാളിത്തം</u>

7616 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. പി. പി. പി. അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് എത്ര പ്രോജക്ടുകൾ സംസ്ഥാനത്ത് പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മേഖലയിലാണ് പി. പി. പി. പി. സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കെട്ടികിടക്കുന്ന ഫയലുകളിൻമേൽ അടിയന്തിര തീരുമാനങ്ങൾ എടുക്കുവാൻ നടപടി</u>

7617 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ കെട്ടികിടക്കുന്ന ഫയലുകളിൻമേൽ അടിയന്തിര തീരുമാനങ്ങൾ എടുക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് പറയുമോ ;

(ബി) ഒരു മാസത്തിലധികമായി തീരുമാനമാകാതെ കിടക്കുന്ന എത്ര ഫയലുകൾ ഉണ്ടെന്ന് ഡിപ്പാർട്ട്മെന്റ് തിരിച്ച് അറിയിക്കുമോ ;

(സി) ഇത്തരം കാലതാമസം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ശൂന്യവേതനാവധി, മെഡിക്കൽ റീഇംപേഴസ്മെന്റ് തുടങ്ങിയ കാര്യങ്ങളിൽ കാലതാമസം വരുത്തുന്നത് മൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ അപേക്ഷകളിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനം എടുക്കാൻ നിർദ്ദേശിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

**<u>സെക്രട്ടേറിയറ്റ് സന്ദർശക സഹായ കേന്ദ്രത്തിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ</u>**

7618 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സന്ദർശക സഹായ കേന്ദ്രത്തിൽ ഏതൊക്കെ തലത്തിലുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ബി) പൊതുജനങ്ങളുമായി ഇടപഴകുന്നതിന് പ്രത്യേകം ട്രെയിനിംഗ് ലഭിക്കാത്ത പുതിയ ജീവനക്കാരെ ഇവിടെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവർക്ക് മതിയായ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്, ചീഫ് മിനിസ്റ്റേഴ്സ് കാൾ സെന്റർ, ചീഫ് മിനിസ്റ്റേഴ്സ് കമ്പ്യൂട്ടർ സെന്റർ, പരാതി പരിഹാര സെന്റർ തുടങ്ങിയവയിലെ നിയമനങ്ങളുടെ വിശദാംശം</u>

7619 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്, ചീഫ് മിനിസ്റ്റേഴ്സ് കാൾ സെന്റർ, ചീഫ് മിനിസ്റ്റേഴ്സ് കമ്പ്യൂട്ടർ സെന്റർ, പരാതി പരിഹാര സെന്റർ തുടങ്ങി മുഖ്യമന്ത്രിയുമായി നേരിട്ട് ബന്ധമുള്ള സ്ഥലങ്ങളിൽ നേരിട്ട് നടത്തിയ നിയമനങ്ങൾ എത്ര; ഏതെല്ലാം തസ്തികകളിൽ; ഏതെല്ലാം ശമ്പള സ്കെയിലുകളിൽ; എത്ര നാളത്തേയ്ക്കാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ എത്ര; ആരൊക്കെ; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് സന്ദർശക സഹായകേന്ദ്രത്തിൽ ലഭിക്കുന്ന അപേക്ഷകൾ</u>

7620 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സന്ദർശക സഹായകേന്ദ്രത്തിൽ ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകം രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിക്കാറുണ്ടോ;

(ബി) എങ്കിൽ മുൻസർക്കാരിന്റെ കാലത്ത് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ഈ അപേക്ഷകളിൽ എത്രയെണ്ണത്തിൽ നടപടി പൂർത്തിയാക്കി തീരുമാനമെടുത്ത് അപേക്ഷകരെ അറിയിച്ചിട്ടുണ്ട്;

(ഇ) ഇനി എത്രയെണ്ണം തീരുമാനമാകാതെ ശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകൾ ഉച്ചഭക്ഷണ സമയത്ത് അടച്ചിടുന്ന പ്രവണത</u>

7621 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉച്ചഭക്ഷണ സമയത്ത് ചില സർക്കാർ ഓഫീസുകൾ അടച്ചിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ഓഫീസ് അടച്ചിടുന്ന ഓഫീസ് മേധാവികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഓഫീസ് അടച്ചിടുന്നതിന് നിലവിൽ നിയമമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിക്കും ആരോഗ്യവകുപ്പുമന്ത്രിക്കും എതിരെ ലോകായുക്താ കേസ്</u>

7622 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ക്യാൻസർ സെന്ററിൽ നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ വഴിവിട്ട് നടത്തിയ നിയമനവും സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടതിന് ശേഷമുള്ള എട്ട് വർഷക്കാലയളവിലെ ശമ്പളം നൽകാൻ സർക്കാർ ഉത്തരവ് നൽകിയതുമായി ബന്ധപ്പെട്ട് ലോകായുക്ത കേസ്സെടുത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസിൽ മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും ഹാജരാകണമെന്ന് ലോകായുക്ത ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എപ്പോൾ ഹാജരാകണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്;

(ഡി) മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും ഹാജരാകുകയുണ്ടായോ; വിശദമാക്കുമോ;

(ഇ) കേസിനാധാരമായ സർക്കാർ ഉത്തരവ് സഭയിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മട്ടന്നൂരിൽ മുൻസിഫ് കോടതി</u>

7623 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13.7.2004-ലെ ആഭ്യന്തര വകുപ്പിന്റെ ജി. ഒ. 1642/04 ഉത്തരവു പ്രകാരം അനുവദിച്ച മുൻസിഫ് കോടതികളിൽ ഏതെല്ലാം മുൻസിഫ് കോടതികൾ പ്രവർത്തനം ആരംഭിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരം മട്ടന്നൂരിൽ അനുവദിക്കപ്പെട്ട മുൻസിഫ് കോടതിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) മുൻസിഫ് കോടതി ആരംഭിക്കുവാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് മട്ടന്നൂർ നഗരസഭയും അഭിഭാഷകരുടെ സംഘടനകളും കത്തുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കുന്ദമംഗലം, കൊടുവള്ളി എന്നിവിടങ്ങളിൽ ഗ്രാമന്യായാലയങ്ങൾ</u>

7624 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം, കൊടുവള്ളി എന്നിവിടങ്ങളിൽ ഗ്രാമന്യായാലയങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സംവിധാനത്തിൽ ന്യായാധിപരെ നിശ്ചയിക്കുന്നത് എങ്ങിനെയാണ് ;

(സി) അവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

7625 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ട് ;

(ബി) ഈ അപേക്ഷകളിലെ നിയമനങ്ങളുടെ കാലതാമസം ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

ആശ്രിത നിയമനപ്രകാരം എൽ.ഡി.സി
തസ്തികയിലേക്കുള്ള നിയമനം

7626 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനപ്രകാരമുള്ള കുടിശ്ശിക നിയമനങ്ങൾ ഒറ്റത്തവണയായി തീർക്കുന്നതിനായി വിവിധ വകുപ്പുകളിലേക്ക് എത്ര അധിക തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കാൻ ഉത്തരവായിട്ടുണ്ട്;

(ബി) എങ്കിൽ പ്രസ്തുത തസ്തികകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ആശ്രിത നിയമനപ്രകാരം എൽ.ഡി.സി (വിവിധം) തസ്തികയിലേക്ക് എന്ന് വരെ അപേക്ഷിച്ചവർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ എൽ.ഡി.സി തസ്തികയിലേക്ക് നാളിതുവരെ അപേക്ഷിച്ച മുഴുവൻ പേർക്കും നിയമനം ലഭിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിലുള്ളവരുടെ നിയമനം

T 7627 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 'ഡിഫറന്റ്ലി ഏബിൾഡ്' വിഭാഗത്തിലുള്ള എത്ര പേർക്ക് പി.എസ്.സി മുഖേനയും എംപ്ലോയ്മെന്റ് മുഖേന താത്ക്കാലികാടിസ്ഥാനത്തിലും തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിലുള്ള എത്ര പേർക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വികലാംഗകർക്ക് പ്രത്യേക നിയമനം</u>

T7628 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് മാത്രമുള്ള പ്രത്യേക നിയമനവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വികലാംഗ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പി.എസ്.സി നിയമനങ്ങളിൽ വികലാംഗർക്കുള്ള 3% സംവരണപ്രകാരം, വികലാംഗർക്കുള്ള പ്രത്യേക നിയമനം എത്ര ഒഴിവുകളിലേക്കാണ് നടത്താനുള്ളതെന്ന് വ്യക്തമാക്കുമോ ?

(ഡി) വികലാംഗർക്ക് പ്രത്യേക നിയമനത്തിനായി എത്ര ഒഴിവുകൾ സംസ്ഥാനത്ത് മാറ്റിവെച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ആയത് നികത്തുന്നതിന് നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

**പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്**

7629 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇപ്പോൾ ഉള്ള ജീവനക്കാരുടെ എണ്ണത്തിൽ 15% കുറവ് വരുത്തണമെന്നാവശ്യപ്പെട്ട് സർക്കാർ പി.എസ്.സിയ്ക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ എന്ത് കൊണ്ട് വ്യക്തമാക്കാമോ ;

(ബി) ധനകാര്യ വകുപ്പിന്റെ 21.6.2012-ലെ 9581/Exp/A8/12/Fin. എന്ന നമ്പർ കത്തിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി</u>

7630 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്; എത്ര ജീവനക്കാരെ അധികമായി വേണമെന്നാണ് ആവശ്യപ്പെട്ടത് വിശദമാക്കുമോ;

(സി) ഈ വിഷയത്തിന്മേൽ സർക്കാർ നിലപാടെന്താണെന്നും സ്വീകരിച്ച തുടർനടപടികളെന്തൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സൂപ്പർ ന്യൂമററി തസ്തികകൾ</u>

7631 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഒക്ടോബർ 21-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സർക്കുലർ പ്രകാരവും ധനവകുപ്പിന്റെ 22.03.2012-ലെ സർക്കുലർ പ്രകാരവും ധനവകുപ്പിന്റെ 22.3.2012-ലെ സർക്കാർ ഉത്തരവു പ്രകാരവും 2011-ൽ സൂപ്പർ ന്യൂമററി തസ്തികകൾ എൻട്രി കേഡറിൽ സൃഷ്ടിക്കപ്പെട്ട് പി.എസ്. എസി. യെ അറിയിച്ചതായും വ്യക്തമാക്കുന്നു. ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പെൻഷൻ പ്രായം 56 ആക്കി വർദ്ധിപ്പിച്ചതിനെ തുടർന്ന് 2012-13 സാമ്പത്തിക വർഷത്തിനുള്ളിൽ കാലാവധി അവസാനിക്കുന്ന എല്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾക്കും ഇതുമൂലം ഒഴിവുകൾ ലഭിക്കാതെ വരുന്നത് വസ്തുതയാണിന്നിരിക്കെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചതു മൂലമുണ്ടാകുന്ന റാങ്ക് ലിസ്റ്റുകൾക്കുള്ള നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലനം</u>

7632 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന പരിശീലന പരിപാടികൾ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എല്ലാ ഉദ്യോഗസ്ഥന്മാർക്കും നിർബന്ധിത ട്രെയിനിംഗ്, ഉയർന്ന പദവികളിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹത നേടുന്നതിനുമായി വിവിധ ഘട്ടങ്ങളിലുള്ള പരിശീലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

**പെൻഷൻ പ്രായം ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ**

7633 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ ലിസ്റ്റിന്റെ കാലാവധി എത്ര കാലത്തേക്ക് നീട്ടിനൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റ്, പി.എസ്.സി., അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവയിലേക്ക് അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) പെൻഷൻ പ്രായം ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി സ്വീകരിക്കുമോ;

(ഡി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിനായി പുതുതായി നിർദ്ദേശിക്കപ്പെട്ട അധിക യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുതുക്കി അധിക യോഗ്യത നേടാനുള്ള കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന്ശേഷം നേടിയാൽ മതി എന്ന് തീരുമാനിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം ഉയർത്തിയപ്പോൾ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ കൈക്കൊണ്ട നടപടികൾ</u>

7634 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം 56 ആയി ഉയർത്തിയ സാഹചര്യത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 31.03.2012 ന് ശേഷം എത്ര പേർക്ക് പി.എസ്.സി നിയമനം നൽകിയിട്ടുണ്ട്;

(സി) ഇതുവരെയും സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാത്ത ഒഴിവുകളിൽ അടിയന്തിരമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധമായി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>സർവ്വീസിൽ നിന്നും വിരമിച്ചവരുടെ സേവനം</u>

7635 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജോലിയിൽ നിന്ന് വിരമിച്ചവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്;

(സി) ഇത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ ആരെയാണ് ഏൽപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**23.07.2012-ലെ മറുപടിക്ക്**

<u>സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം</u>

7636 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുവാൻ ഉദ്ദേശിക്കു ന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

പി.എസ്.സി. വഴി അപേക്ഷിക്കാനുള്ള പ്രായപരിധി

7637 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം.പി. വിൻസെന്റ്
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴി ജോലിക്കായി അപേക്ഷിക്കാനുള്ള പ്രായപരിധിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) പ്രായപരിധിയിൽ എത്ര വയസ്സിന്റെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ ആനുകൂല്യങ്ങൾ ആർക്കെല്ലാമാണ് ലഭിക്കുന്നത്;

(ഡി) ഇതിന് എന്നുമുതലാണ് പ്രാബല്യമുള്ളത്?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പി.എസ്.സി യുടെ ഓൺലൈൻ പരീക്ഷാ സംവിധാനം</u>

7638 ശ്രീ. പാലോട് രവി
,, കെ. അച്ചുതൻ
,, വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പുതുതായി ആരംഭിക്കുന്ന ഓൺലൈൻ പരീക്ഷയ്ക്ക് എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്;

(ബി) പരീക്ഷ നടത്തിപ്പിനായി ഏത് ഏജൻസിയുമായി സഹകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കുന്നതിന് മുമ്പ് സാങ്കേതിക പരിഗണനയ്ക്ക് വിധേയമാക്കുമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിലെ കാലതാമസം

7639 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ നിലനില്ക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഷ്കരണ നടപടികൾ വിശദമാക്കുമോ ;

(ബി) സെലക്ഷൻ പ്രോസസിൽ കാലതാമസം വരുത്തുന്ന ഘടകങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(ഡി) ഇന്റർവ്യൂ അനിവാര്യമല്ലാത്ത തസ്തികകൾ വേർതിരിച്ച് കണ്ടെത്തി അവയ്ക്ക് ഇന്റർവ്യൂ ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ;

(ഇ) സമാനയോഗ്യതകൾ വേണ്ടതായ തസ്തികകൾ ഗ്രൂപ്പ് ചെയ്ത് കോമൺ ടെസ്റ്റ് നടത്തി സെലക്ഷൻ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) നിലവിൽ എത്ര ഒഴിവുകൾ നികത്തേണ്ടതുണ്ടെന്നതിന്റെ തസ്തിക തിരിച്ചുള്ള കണക്ക് നല്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പി.എസ്. സി. പരീക്ഷാ നടത്തിപ്പിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ</u>

7640 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്. സി. പരീക്ഷാ നടത്തിപ്പിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ്;

(ബി) സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(സി) പ്രസ്തുത മാറ്റങ്ങൾ നടപ്പിൽ വരുത്തുക വഴി ഗുണപരമായി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പി.എസ്.സി പരീക്ഷകളിൽ ആധുനിക സാങ്കേതികവിദ്യകൾ ദുരുപയോഗം</u>

7641 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി എഴുത്തു പരീക്ഷയിൽ മൊബൈൽ ഫോൺ ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു;

(സി) പി.എസ്.സി. പരീക്ഷകളിൽ ആധുനിക സാങ്കേതികവിദ്യകൾ ദുരുപയോഗപ്പെടുത്താനുള്ള സാധ്യതകൾ കണക്കിലെടുത്ത് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം</u>

7642

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; പുതിയ വിജ്ഞാപനം ഉടൻ ഉണ്ടാകുമോ;

(ബി) ഈ തസ്തികയുടെ നിലവിലുള്ള യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം എന്താണ്;

(സി) ഡി.സി.എ. ഡിഗ്രിയോടൊപ്പം അടിസ്ഥാനയോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുള്ള യോഗ്യതയാണ് അംഗീകൃതമെന്ന് വ്യക്തമാക്കാമോ;

(ഡി) ഡി.സി.എ. യോഗ്യത നേടാൻ ഉദ്യോഗാർത്ഥികൾക്ക് ആറുമാസത്തെ
സമയപരിധി അനുവദിക്കുമോ;

(ഇ) ഇതു സംബന്ധിച്ച ഉത്തരവ് ഇറങ്ങാത്ത സാഹചര്യത്തിൽ ടെസ്റ്റ് ക്വാളിഫൈ ചെയ്യുന്നതിനകം ഡി.സി.എ. എടുത്താൽ മതി എന്ന രീതിയിൽ ഉത്തരവിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിന് കമ്പ്യൂട്ടർ അപ്ലിക്കേഷൻ ഡിപ്ലോമ</u>

7643 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് എന്നിവയിലേക്കുള്ള അസിസ്റ്റന്റ് തസ്തികകളിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സർട്ടിഫിക്കറ്റു കൂടി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് നടത്തുന്ന അംഗീകാരമുള്ള എത്ര ഇൻസ്റ്റിറ്റ്യൂട്ടുകളുണ്ട്; അവ ഏതെല്ലാം; വിശദമാക്കുമോ;

(സി) അംഗീകാരമില്ലാത്ത കമ്പ്യൂട്ടർ സെന്ററുകളിൽ ഇത്തരം കോഴ്സുകൾ നടത്തുന്നതും സർട്ടിഫിക്കറ്റുകൾ നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡി.സി.എ കോഴ്സിന്റെ സർട്ടിഫിക്കറ്റുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെരിഫിക്കേഷനുശേഷം സർട്ടിഫിക്കറ്റുകൾ നൽകിയ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ കൂടി പരിശോധന നടത്തി വ്യാജ സർട്ടിഫിക്കറ്റുകൾ കണ്ടെത്തുന്നതിന് പി.എസ്.സി യ്ക്കു നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പൊതുഭരണവകുപ്പിലെ അസിസ്റ്റന്റുമാരുടെ നിയമനം</u>

7644 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണവകുപ്പിൽ 2012-13 വർഷത്തിൽ പി.എസ്.സി. വഴി എത്ര അസിസ്റ്റന്റുമാരെ നിയമിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തസ്തികകളിൽ മുൻവർഷം (2011-12) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയ റാങ്ക് ലിസ്റ്റുകൾക്ക് നിയമന നിരോധനം ഒഴിവാക്കാനായി ഈ സാമ്പത്തികവർഷം അവസാനിക്കുന്ന എല്ലാ റാങ്കുലിസ്റ്റുകളുടെയും കാലാവധി പരമാവധി നാലരവർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് പി.എസ്.സി.യെ അറിയിച്ച് കാലാവധി ദീർഘിപ്പിക്കുവാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പി.എസ്.സി.യിൽ ഒറ്റത്തവി ഓൺലൈൻ രജിസ്ട്രേഷൻ</u>

7645 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴിയുള്ള ഉദ്യോഗങ്ങൾക്ക് ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്;

(ബി) ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പാക്കുമ്പോൾ പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ തുടർന്നും നേരിട്ട് അപേക്ഷ നൽകാൻ അവസരം നൽകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക റാങ്ക് ലിസ്റ്റുകളുടെ കാലാവധി നാലര വർഷ
ത്തേയ്ക്ക് ദീർഘിപ്പിക്കുവാൻ നടപടി</u>

7646

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിരമിക്കൽ ഏകീകരണം പിൻവലിച്ച് പെൻഷൻ പ്രായം 56 ആക്കിയതിലൂടെ സംസ്ഥാനത്തെ അധ്യാപകരുടെ വിരമിക്കൽ പ്രായം 57 ആക്കുകയാണുണ്ടായതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2009, 2010, 2011, 2012 എന്നീ വർഷങ്ങളിൽ നിലവിൽ വന്ന എല്ലാ അധ്യാപക റാങ്ക് ലിസ്റ്റുകളും പൂർണ്ണമായി രണ്ടുവർഷത്തോളം നിയമനം നഷ്ടമായത് പരിഹരിക്കാൻ നിലവിലുള്ള എല്ലാ അധ്യാപക റാങ്ക് ലിസ്റ്റുകളുടെയും കാലാവധി പരമാവധി നാലര വർഷത്തേയ്ക്ക് ദീർഘിപ്പിക്കണമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞതനുസരിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെയും, പി. എസ്. സി. യുടെയും ഉപദേശം നേടിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 തസ്തികയിൽ പി.എസ്.സി. നടത്തിയ പരീക്ഷ</u>

7647 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

റീ–സർവ്വേ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 തസ്തികയിൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ ; റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽ ലാബ് അസിസ്റ്റന്റ് നിയമനം</u>

7648 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.വാക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ നടത്തിയ പരീക്ഷയിൽ എത്ര പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഈ ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും;

(ബി) നിയമപ്രകാരം ഈ ലിസ്റ്റിൽ നിന്നും ഡെഫ്, ഓർത്തോ, ഭാഗികമായി അന്ധർ എന്നീ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം ലഭിക്കേണ്ടതായിട്ടുണ്ട്;

(സി) ഇതിൽ ഭാഗികമായി അന്ധർ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ഒഴിവുകൾ അവർക്ക്തന്നെ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 നിയമനം</u>

7649 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2ന്റെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയെന്ന് സംവരണ വിഭാഗം തിരിച്ച് വിശദമാക്കുമോ;

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ നീതിന്യായ വകുപ്പിൽ പ്രോസസ്സ് സർവർ തസ്തിക</u>

7650 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നീതിന്യായ വകുപ്പിൽ പ്രോസസ്സ് സർവർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് ഉള്ളത് ;

(ബി) പ്രോസസ്സ് സർവർ തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നിമയപരമായി ഇപ്പോൾ എന്തെങ്കിലും തടസ്സം ഉണ്ടോ ;

(സി) പ്രോസസ്സ് സർവർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനും പ്രൊമോഷൻ വഴിയുള്ള നിയമനത്തിനും അനുപാതം നിശ്ചയിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പി.എസ്.സി ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കൽ</u>

7651 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിരമിക്കൽ ഏകീകരണത്തിന്റെ അടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പിൽ 2011-12 സാമ്പത്തിക വർഷം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച ശേഷം, ഏകീകരണം എടുത്തു കളഞ്ഞതിനെത്തുടർന്ന് 2012-13 വർഷത്തിൽ പി.എസ്.സി മുഖേന നികത്താൻ ഒഴിവുകൾ ഇല്ലാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു മൂലം 2012-13 വർഷത്തിൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യപ്പെടാത്ത എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പ്രയാസം പരിഹരിക്കാൻ 2012-13-ൽ 3 വർഷ കാലാവധി പൂർത്തിയാക്കുന്ന ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുകയും സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റ് നിയമനത്തിനുള്ള റാങ്ക്ലിസ്റ്റ്</u>

7652 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് നിയമനത്തിനുള്ള നിലവിലുള്ള റാങ്ക് ലിസ്റ്റ് പി.എസ്.സി പ്രസിദ്ധീകരിച്ചത് ഏത് തീയതിയിൽ എന്ന് പറയുമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര പേർക്ക് നിയമന ശുപാർശ നൽകി എന്ന് അറിയിക്കുമോ;

(സി) കൃഷി വകുപ്പിൽ നിന്ന് നാളിതുവരെ എത്ര വേക്കൻസികൾ പ്രസ്തുത തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തു എന്നു കൂടി വ്യക്തമാക്കാമോ;

(ഡി) വേക്കൻസികൾ ബന്ധപ്പെട്ട വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടും നിയമന ശുപാർശ നല്കാത്തത് എന്ത് കാരണത്താൽ ആണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ പി.എസ്.സി. എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്/എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകൾ</u>

7653 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എൽ.ഡി.ക്ലാർക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(സി) ഇതുവരെ എത്ര നിയമനം നടന്നു;

(ഡി) ഇപ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ഇ) കോട്ടയം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(എഫ്) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര നിയമനം നടന്നു;

(ജി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. എഴുത്തു പരീക്ഷ നടത്തുമ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിരുന്നു;

(എച്ച്) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം ലിസ്റ്റിൽ നിന്ന് എത്ര നിയമനം നടത്തി; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിൽ ഒഴിവുകൾ</u>

7654 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിൽ നിലവിൽ ഒഴിവുകളുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയിലെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണ്; വകുപ്പ് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

വിവിധ വകുപ്പുകൾക്ക് കീഴിൽ ദിവസവേതനത്തിലും കരാറടിസ്ഥാനത്തിലും നിയമിക്കപ്പെട്ടവർ

7655 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരമേറ്റശേഷം സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിൽ ദിവസവേതനത്തിലും കരാറടിസ്ഥാനത്തിലും നിയമിക്കപ്പെട്ടവരുടെ എണ്ണം സ്ഥാപനാടിസ്ഥാനത്തിൽ
ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>എച്ച്.എസ്.എ സോഷ്യൽ സ്റ്റഡീസ് (മലയാളം) തസ്തികയിലെ നിയമനം</u>

7656 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ സോഷ്യൽ സ്റ്റഡീസ് (മലയാളം) തസ്തികയിൽ നിയമനത്തിനായി ഇടുക്കി ജില്ലാ പി.എസ്.സി തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്; ആയത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ജില്ലയിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകളിലേയ്ക്കെല്ലാം നിയമന ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് അദ്ധ്യാപകരെ പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

ഇടുക്കി ജില്ലയിലെ ഫോറസ്റ്റ് ഗാർഡ് നിയമനം

7657

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ നിയമനത്തിനായുളള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഫോറസ്റ്റ് ഗാർഡിന്റെ തസ്തികയിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്;

(സി) 31-5-2012 വരെ ഈ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുളള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ എന്ത്കൊണ്ട്;

(ഇ) ഫോറസ്റ്റ് ഗാർഡിന്റെ ലിസ്റ്റിൽ നിന്നും അവസാനമായി ശുപാർശ നൽകിയ തീയതി വ്യക്തമാക്കാമോ;

(എഫ്) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടും നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

പി.എസ്.സി. നിയമന സ്ഥിരതയും സർവ്വീസ് വെരിഫിക്കേഷനും

7658 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം പി. എസ്. സി. വഴി നടത്തിയ നിയമനത്തിൽ സർവ്വീസ് വെരിഫിക്കേഷനും നിയമന സ്ഥിരതയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകാത്ത ജീവനക്കാരുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചവരുടെ എണ്ണം എത്ര എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

പി. എസ്. സി. യിലെ തസ്തിക വെട്ടിക്കുറയ്ക്കൽ

7659 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എത്ര തസ്തിക വേണമെന്നാണ് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നത്;

(ബി) പി. എസ്. സി. ഓഫീസിൽ അധിക തസ്തികയുണ്ടെന്നും അവ വെട്ടിച്ചുരുക്കണമെന്നും ധനവകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികയുണ്ടെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പ്ലാനിംഗ് ബോർഡിൽ പാർട്ട്ടൈം സ്വീപ്പർ നിയമനം</u>

7660 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളനാട് മിത്രാനികേതൻ പി. ഒ. യിൽ അശ്വതി ഭവനിലെ ശ്രീ. കെ. പി. കുഞ്ഞൻ സംസ്ഥാന പ്ലാനിംഗ് ബോർഡിൽ ഏത് തസ്തികയിലാണ് ജോലി നോക്കുന്നത് ; ടിയാൻ എത്ര നാളായി ഇവിടെ തുടരെ ജോലി ചെയ്യുന്നുണ്ട് ; ഇപ്പോൾ ജോലി നോക്കുന്നത് ഏത് തരത്തിലുള്ള നിയമനപ്രകാരമാണ് ;

(ബി) പ്ലാനിംഗ് ബോർഡിൽ തുടർച്ചയായി ദീർഘകാലം ജോലി ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിന് സ്ഥിരം നിയമനം നൽകണമെന്ന് ബോർഡ് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ ശുപാർശ സർക്കാർ അനുകൂലമായി പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് നിരസിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാന പ്ലാനിംഗ് ബോർഡിൽ വളരെക്കാലമായി യാതൊരു പരാതിയും ഇടനൽകാതെ ജോലി ചെയ്യുന്ന പട്ടികജാതിക്കാരനും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ ശ്രീ. കെ. പി. കുഞ്ഞനെ മാനുഷികമായ പരിഗണന നൽകി പാർട്ട്ടൈം സ്വീപ്പറായി നിയമിക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് ഇദ്ദേഹം സംസ്ഥാന മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ പ്യൂൺ/വാച്ച്മാൻ തസ്തിക</u>

7661 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബങ്കിന് വേണ്ടി പ്യൂൺ/വാച്ച്മാൻ തസ്തികയിലേക്ക് 2007–ൽ പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാറ്റഗറി നമ്പർ എത്രയായിരുന്നു;

(ബി) ഇതിന്റെ എഴുത്ത് പരീക്ഷ നടത്തിയതും, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതും എന്നായിരുന്നു;

(സി) ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ; ഇല്ലെങ്കിൽ നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉള്ളതായി പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ഈ തസ്തികയിലേക്ക് താല്കാലികാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ നിയമിച്ചു?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ആഫീസർ തസ്തിക</u>

7662 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ആഫീസർ തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യതാപരീക്ഷ നടത്തിയിട്ടുള്ളതായി അറിയുമോ;

(ബി) പ്രസ്തുത യോഗ്യതാ പരീക്ഷയിൽ ഒന്നാം റാങ്ക് ആർക്കായിരുന്നു; ഒന്നാം റാങ്കുകാരന് നിയമനം നൽകിയിരുന്നോ;

(സി) നിയമനം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം പറയുമോ;

(ഡി) ഒന്നാം റാങ്കുകാരന് നിയമനം നൽകാതെ പ്രസ്തുത തസ്തികയിൽ പകരം ആരെയാണ് നിയമിച്ചതെന്നും പറയുമോ; അപ്രകാരം നിയമനം നടത്തുവാനുണ്ടായ സാഹചര്യമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) എ.പി.ആർ.ഒ തസ്തിക പി.ആർ.ഒ തസ്തികയാക്കി മാറ്റിയിട്ടുണ്ടോ;

(എഫ്) എങ്കിൽ പി.ആർ.ഒ നിയമനത്തിന് യോഗ്യതാപരീക്ഷയും അഭിമുഖവും ഉണ്ടായിരുന്നോയെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ഗാർഡുമാരുടെ ഒഴിവുകൾ</u>

7663 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റിലെ സെക്യൂരിറ്റി ഗാർഡുമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റിൽ താൽക്കാലിക അടിസ്ഥാനത്തിൽ എത്ര പേർ ജോലിചെയ്യുന്നുണ്ട്;

(സി) ഇവരെ സ്ഥിരപ്പെടുത്താൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് കാറ്റഗറി നമ്പർ 58/2009 ആയി അപേക്ഷ ക്ഷണിക്കുകയും ഷോർട്ടു ലിസ്റ്റ് പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഉടനെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിലവി ലുളള ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ജി) താല്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഓരോരുത്തരുടെയും തൊഴിൽ ചെയ്ത ദിവസങ്ങളും ജോലിയിൽ പ്രവേശിച്ച തീയതിയും വിശദമാക്കാമോ;

(എച്ച്) പ്രസ്തുത വിഭാഗത്തിൽ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്തുമ്പോൾ നിലവിലെ സംവരണ തത്വങ്ങൾ അട്ടിമറിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക തസ്തികയിൽ അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തൽ</u>

7664 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക തസ്തികയിൽ അപേക്ഷിക്കാനുള്ള പ്രായപരിധി 39 വയസ്സിൽനിന്നും 40 ആക്കി ഉയർത്തി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ ;

(ബി) ഇല്ലെങ്കിൽ കഴിഞ്ഞ വർഷം വിരമിക്കൽ ഉണ്ടാവാതിരുന്നതിനാൽ എയ്ഡഡ് മേഖലയിൽ അദ്ധ്യാപക തസ്തികയിൽ നിയമനം ലഭിക്കാൻ കാത്തിരുന്നവരും 39 വയസ് പൂർത്തിയായതുമായ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ ;

(സി) അവ പരിഹരിക്കുന്നതിനായി അദ്ധ്യാപക തസ്തികയിൽ പ്രായപരിധി ഒരു വർഷം ഉയർത്തി നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി നിയമനം</u>

7665 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നേടിയ എത്ര പേർക്ക് എതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സംസ്ഥാന ധനകാര്യ വകുപ്പിൽ ഇത്തരത്തിൽ നിയമനം നേടിയ ഏതെങ്കിലും ഉദ്യോഗസ്ഥന് എതിരെ ശിക്ഷാ നടപടികൾ ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും നീക്കണമെന്ന ശുപാർശ നിലവിലുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പ്രൊമോഷനും നിയമനങ്ങളും നേടുന്നത് തടയാൻ നടപടി</u>

7666

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വകുപ്പുകളിൽ വകുപ്പുതല ഉദ്യോഗക്കയറ്റം, ബൈട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് അംഗീകാരമില്ലാത്തതും വ്യാജവുമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പ്രൊമോഷനും നിയമനങ്ങളും നേടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആവശ്യങ്ങൾക്ക് സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾക്കൊപ്പം അവയുടെ അംഗീകാരത്തിനുള്ള രേഖകൾ കൂടി ഹാജരാക്കുവാൻ ആവശ്യപ്പെടുമോ;

(സി) ഓരോ വകുപ്പിലും ഇത്തരത്തിൽ നിയമനങ്ങളും പ്രൊമോഷനും നേടിയിട്ടുള്ളവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; അതിനായി പ്രത്യേക സെൽ രൂപീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ പ്രശ്നം - ഉഭയകക്ഷി ചർച്ച</u>

7667 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പ്രശ്നം ഇരു സർക്കാരുകളുമായും ചർച്ച നടത്തി രമ്യമായി പരിഹരിക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകിയിരുന്നോ ;

(ബി) അതിനുശേഷം പ്രധാനമന്ത്രി സംസ്ഥാന സർക്കാരുമായി എന്തെങ്കിലും ചർച്ച നടത്തുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രശ്നപരിഹാരത്തിനായി പ്രധാനമന്ത്രി എന്തൊക്കെ നിർദ്ദേശങ്ങളാണ് വച്ചതെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രധാനമന്ത്രിക്ക് സമർപ്പിച്ചതെന്നറിയിക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>എയർ ഇന്ത്യ പൈലറ്റ്മാരുടെ സമരം മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

7668 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ ഇന്ത്യ പൈലറ്റ്മാരുടെ സമരം മൂലം യാത്രക്കാർക്കണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഈ അവസരം മുതലെടുത്ത് മറ്റ് വിമാന കമ്പനികൾ ടിക്കറ്റ് നിരക്കുകൾ കുത്തനെ ഉയർത്തുന്നത് വിദേശ ഇന്ത്യക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ മറ്റ് വിമാന കമ്പനികളുടെ ചൂഷണം തടയുന്നതിനും, പൈലറ്റ് സമരം ഒത്ത് തീർപ്പാക്കുന്നതിനും കേന്ദ്ര വ്യോമയാന മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കേരള എയർലൈൻ</u>

7669 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ രൂപം നൽകിയിരുന്നതും, സാങ്കേതികത്വത്തിന്റെ പേരിൽ അനുമതി ലഭിക്കാതിരുന്നതുമായ 'കേരള എയർലൈൻ' എന്ന പദ്ധതി പുനരാവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിമാനയാത്രയുമായി ബന്ധപ്പെട്ട് പ്രവാസികൾ ഇന്ന് നേരിടുന്ന പ്രയാസങ്ങൾക്കും, ചൂഷണങ്ങൾക്കും ഒരു പരിധി വരെ പരിഹാരമുണ്ടാകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള നിർമ്മാണം</u>

7670 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിനായി എത്ര ഏക്കർ സ്ഥലമാണ് വ്യവസായ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) അന്താരാഷ്ട്ര വിമാനത്താവളത്തിന് എത്ര ഏക്കർ സ്ഥലമാണ് വേണ്ടത് ;

(ഡി) കേരളത്തിലെ നിലവിലുള്ള എയർപോർട്ടുകൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് നിലവിലുള്ളത് ;

(ഇ) ആറന്മുള വിമാനത്താവളത്തിനായി എത്ര ഏക്കർ ഭൂമിയാണ് വിലക്ക് വാങ്ങി ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ആരുടെയൊക്കെ പേരിൽ ; എത്ര ഏക്കർ വീതം വിശദമാക്കുമോ ;

(എഫ്) ഈ വിമാനത്താവളത്തിനുവേണ്ടി കെ.ജി.എസ്. കമ്പനി 6.64 കോടി രൂപയ്ക്ക് എന്ന്, പ്രമാണത്തിൽ രേഖപ്പെടുത്തി, ആ തുകകയ്ക്കുള്ള മുദ്രപ്പത്രത്തിൽ തീറാധാരമായി വാങ്ങിയ 242 ഏക്കർ സ്ഥലത്തിന്, യഥാർത്ഥ വില 52 കോടിയായിരുന്നു എന്ന്, വസ്തു വിറ്റയാൾ, കരാർരേഖയുമായി, പത്തനംതിട്ട കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) തീറാധാരത്തിൽ 52 കോടിക്കുപകരം 6 കോടി എന്ന് കാണിച്ച് ഉയർന്ന നിലയിൽ ടാക്സ് വെട്ടിപ്പ് നടത്തിയ കെ.ജി.എസ്. കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

(എച്ച്) കോടതിയിൽ രേഖാമൂലം വരികയും നിരവധി വാർത്തകൾ വന്നിട്ടും അതിന്മേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുകയും ചെയ്യാതിരിക്കുന്നതിന് കാരണമെന്ത്; വിശദമാക്കുമോ;

(ഐ) ഏത് തരത്തിലുള്ള അന്വേഷണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ജെ) വിമാനത്താവളവുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ട് വകുപ്പിന്റെ വിജിലൻസ് അന്വേഷണത്തിന് ശുപാർശ വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഔദ്യോഗികഭാഷ പൂർണ്ണമായി മലയാളമാക്കുവാൻ നടപടി</u>

7671 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗികഭാഷ പൂർണ്ണമായി മലയാളമാക്കുന്നത് സംബന്ധിച്ച സമിതികളുടെ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷ മലയാളമാക്കാൻ സ്വീകരിച്ച നടപടികൾ വിലയിരുത്തുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**23.07.2012-ലെ മറുപടിക്ക്**

<u>മലയാളത്തിന് ക്ലാസിക്കൽ പദവി നിരാകരണം</u>

7672 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്, കന്നട, തെലുങ്ക് എന്നീ ഭാഷകൾക്കൊപ്പം ക്ലാസിക്കൽ പദവി നേടാനുള്ള മലയാളത്തിന്റെ പരിശ്രമം പരാജയപ്പെട്ടത് ഈ സർക്കാരിന്റെ വീഴ്ചമൂലം സംഭവിച്ചതാണെന്ന് കരുതുന്നുണ്ടോ;

(ബി) ഹൈദരബാദിൽ വിദഗ്ദ്ധ സമിതി യോഗം ചേർന്നപ്പോൾ കേരളത്തിന്റെ പ്രതിനിധി പങ്കെടുക്കാത്തതായി ശ്രദ്ധയിൽപെട്ടുവോ; വിശദമാക്കുമോ;

(സി) ക്ലാസിക്കൽ പദവി നിരാകരണം ഔദ്യോഗികമായി അറിയിച്ചിരുന്നുവോ; എങ്കിൽ തമിഴിന്റെ പുത്രീഭാഷയാണ് മലയാളമെന്ന കാലഹരണപ്പെട്ട വാദം നിരാകരിക്കുവാനും മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കാനും ശക്തമായ എന്തൊക്കെ വാദഗതികളാണ് കേന്ദ്ര സർക്കാരിന് മുന്നിൽ നൽകിയത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മലയാളത്തിന് ക്ലാസിക് ഭാഷാപദവി നഷ്ടമായ സംഭവം</u>

7673

ശ്രീ. എം. എ. ബേബി
,, പുരുഷൻ കടലുണ്ടി
,, ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഷകൾക്ക് ക്ലാസിക് പദവി നൽകുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായി രൂപവത്ക്കരിച്ച സമിതിയിലെ കേരളത്തിന്റെ പ്രതിനിധിയായി ആരെയാണ് നിശ്ചയിച്ചിരുന്നത്;

(ബി) ഈ സമിതിയുടെ യോഗങ്ങളിലെല്ലാം കേരളത്തിന്റെ പ്രതിനിധി പങ്കെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കേരളത്തിന്റെ പ്രതിനിധി, സമിതി യോഗത്തിൽ പങ്കെടുക്കാത്തതുമൂലമാണ് മലയാളത്തിന് ക്ലാസിക് ഭാഷാപദവി നഷ്ടമായതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ഏകീകൃത ലിപി വിന്യാസ വ്യവസ്ഥയിലുള്ള</u>
<u>മലയാളം സോഫ്റ്റ്‌വെയര്‍</u>

7674 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏകീകൃത ലിപി വിന്യാസവ്യവസ്ഥയിലുള്ള മലയാളം സോഫ്റ്റ്‌വെയര്‍ സംസ്ഥാന വ്യാപകമായി എല്ലാ സര്‍ക്കാര്‍ ഓഫീസുകളിലും ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വിവിധ ഓഫീസുകളില്‍ വ്യത്യസ്ത ലിപിയുള്ള മലയാളം സോഫ്റ്റ്‌വെയര്‍ ഉപയോഗിക്കുന്നതിനാല്‍ ഇ-മെയില്‍ വായിക്കാന്‍ സാധിക്കാതെ വരുന്ന സാഹചര്യത്തില്‍ സര്‍ക്കാര്‍ തന്നെ തയ്യാറാക്കുന്ന ഒരു മലയാളം സോഫ്റ്റ്‌വെയര്‍ എല്ലാ ഓഫീസുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**23.07.2012-ലെ മറുപടിക്ക്**

<u>സി. ബി. എസ്.ഇ സ്കൂളുകളിൽ മലയാളമിഷന്റെ പ്രവർത്തനങ്ങൾ</u>

7675 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി. ബി. എസ്.ഇ സ്കൂളുകളിൽ മലയാളം നിർബന്ധമായും പഠിപ്പിക്കുന്നതിന് മലയാളംമിഷൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്;

(ബി) ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വിശ്വ മലയാള സമ്മേളനം</u>

7676

ശ്രീ. ഷാഫി പറമ്പിൽ
,, പാലോട് രവി
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശ്വ മലയാള സമ്മേളനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആരുടെ ആഭിമുഖ്യത്തിലാണ് സമ്മേളനം നടത്തുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സ്ഥലനാമങ്ങൾ ഉപയോഗിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ</u>

7677 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപനങ്ങളുടെയും കടകളുടെയും ബോർഡുകളിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുവാൻ കർശനമായ സംവിധാനമുണ്ടാക്കുമോ ;

(സി) മതപരവും രാഷ്ട്രീയവും ആയ താല്പര്യങ്ങളുടെ പേരിൽ പുതിയ സ്ഥലനാമങ്ങൾ ഉപയോഗിക്കുന്നതു മൂലം സംഘർഷങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സ്ഥലനാമങ്ങൾ ഉപയോഗിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർ ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന നിബന്ധന</u>

7678 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന നിബന്ധന ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇക്കാര്യം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ശതമാനം ജീവനക്കാർ ഈ നിബന്ധന പാലിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഈ നിബന്ധന പാലിക്കുന്നതു സംബന്ധിച്ച് പുതിയ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>രാഷ്ട്രപതിയുടെയും മുഖ്യമന്ത്രിയുടെയും മെഡലുകൾക്ക് അർഹരാകുന്ന സേനാംഗങ്ങൾ</u>

7679 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രപതിയുടെയും മുഖ്യമന്ത്രിയുടെയും മെഡലുകൾക്ക് അർഹരാകുന്ന സേനാംഗങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവരിൽ അഴിമതി, ക്രിമിനൽ കേസ്, മറ്റ് കേസ് എന്നിവയിൽ പ്രതികളായവർ ഉണ്ടാകാറുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ കേസുകളിൽ പ്രതികളായവരും ആരോപണ വിധേയരായവരുമായ എത്ര പേർക്ക് മെഡലുകൾ ലഭിച്ചിട്ടുണ്ട്; ഇവരുടെ തസ്തികയും ആരോപണം ഏത് വിഷയത്തിലാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സുരക്ഷാ ജോലികൾക്ക് വിമുക്തഭടന്മാർക്ക് മുൻഗണന</u>

7680 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സുരക്ഷാ ജോലികൾക്കായുള്ള നിയമനങ്ങളിൽ വിമുക്തഭടന്മാരെ ഒഴിവാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ സുരക്ഷാ ജോലികൾക്ക് നിർബന്ധമായും വിമുക്തഭടന്മാർക്ക് മുൻഗണന നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ താൽക്കാലികമോ, ദിവസക്കൂലി അടിസ്ഥാനത്തിലോ ആണെങ്കിൽപോലും വിമുക്തഭടന്മാർക്ക് മുൻഗണന നൽകുമോ;

(ഇ) സുരക്ഷാ ജോലികൾക്കായുള്ള നിയമനങ്ങളിൽ വിമുക്തഭടന്മാർക്ക് നിയമനം ഉറപ്പുനൽകുന്ന തരത്തിൽ സർവീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ജവാന്റെ കുടുംബത്തിന് ആശ്രിത നിയമനം</u>

7681 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയൽ നമ്പർ18001/12/സി.എം തീയതി 15.5.2012 പ്രകാരം നൽകിയിട്ടുള്ള ആശ്രിതനിയമനത്തിനായുള്ള അപേക്ഷയിൽ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) രാജ്യത്തിനു വേണ്ടി ജീവൻ നൽകിയ ജവാന്റെ കുടുംബം എന്ന നിലയിൽ പ്രസ്തുത അപേക്ഷ പ്രത്യേക പരിഗണന നൽകി ആശ്രിത നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സ്വാതന്ത്ര്യ സമര സേനാനികൾ, ഐ.എൻ.എ ഭടന്മാർ എന്നിവരുടെ ആശ്രിതർക്കുള്ള പെൻഷൻ</u>

7682 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനികൾ, ഐ.എൻ.എ ഭടന്മാർ എന്നിവരുടെ ആശ്രിതപെൻഷൻ നിലവിൽ ആർക്കൊക്കെയാണ് ലഭിക്കുന്നത്. വ്യക്തമാക്കാമോ;

(ബി) ഈ ആശ്രിതപെൻഷൻ വിവാഹിതരല്ലാത്ത പെൺമക്കൾക്കും വിധവകളായ പെൺമക്കൾക്കും നൽകാൻ ഉത്തരവായിട്ടുണ്ടോ;

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം</u>

7683 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരമാവധി ധനസഹായം നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നൽകിയിട്ടുള്ള പരമാവധി ധനസഹായം എത്രയെന്ന് അറിയിക്കുമോ; ഒരു ലക്ഷത്തിലധികം ധനസഹായം നൽകിയ എത്ര കേസുകളുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇത്തരത്തിൽ സഹായം നൽകുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുടർചികിത്സയ്ക്ക് ധനസഹായം</u>

7684 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം ലഭിച്ച രോഗിക്ക് തുടർചികിത്സയ്ക്ക് വീണ്ടും ധനസഹായം നൽകുവാൻ വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആദ്യത്തെ സഹായം ലഭിച്ച് എത്ര സമയത്തിനുശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) ഒരിക്കൽ ചികിത്സാസഹായം ലഭിച്ച വ്യക്തിക്ക് വീണ്ടും മറ്റ് രോഗങ്ങൾ പിടിപെട്ടാൽ ചികിത്സാസഹായം ലഭിക്കുമോ;

(ഡി) ഇത്തരം സാഹചര്യങ്ങളിൽ കാലയളവിന്റെ ആവശ്യമുണ്ടോ എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായം

7685 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായത്തിന് എം.എൽ.എ.മാർ വഴി നൽകുന്ന അപേക്ഷകൾ അവ അനുവദിച്ച ശേഷം അവ ബന്ധപ്പെട്ടവർക്ക് നൽകാതെ എന്ത് തുക ഓരോ താലൂക്കിലും ബാക്കിയുണ്ട്; വിശദമാക്കാമോ;

(ബി) ഇവ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ അതിന് മുൻപ് ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നോ; ഉണ്ടെങ്കിൽ എങ്ങനെ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(സി) ഇവ തിരിച്ചടയ്ക്കുന്നതിനു മുൻപ് ബന്ധപ്പെട്ടവരെ രജിസ്ട്രേഡ് തപാൽ മുഖേനയും അധികാരികൾ വഴിയും അറിയിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച തുക</u>

7686 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസം മുതൽ 2012 ജൂൺ മാസം വരെ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചു;

(ബി) പ്രസ്തുത തുകയിൽ എന്ത് തുക നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്;

(സി) ദുരിതാശ്വാസ സഹായങ്ങൾ കൊട്ടാരക്കര താലൂക്കിൽ നിന്നും സമയബന്ധിതമായി വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നും തുക വിതരണം ചെയ്യുന്നതിൽ താലൂക്ക് ഓഫീസുകളുടെ വീഴ്ച</u>

7687 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള തുക യഥാസമയം വിതരണം ചെയ്യുന്നതിൽ താലൂക്ക് ഓഫീസുകൾ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വീഴ്ച വരുത്തുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) ദുരിതാശ്വാസ സഹായവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ എത്ര അപേക്ഷകൾ റിപ്പോർട്ട് നൽകാതെയുണ്ടെന്നതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും മഞ്ചേരി മണ്ഡലത്തിൽ അനുവദിച്ച തുക</u>

7688 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ 1 മുതൽ 2012 ജൂൺ 30 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും മഞ്ചേരി മണ്ഡലത്തിലേക്ക് എത്ര പേർക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ഇവരുടെ പേരും അനുവദിച്ച തുകയും പ്രത്യേകം അറിയിക്കാമോ;

(സി) ഇതിൽ എത്ര പേർക്ക് അനുവദിച്ച തുക ഇനിയും വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച തുക</u>

7689 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായമായി എത്ര തുക എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും തുക എത്രയാണെന്നുമുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം</u>

7690

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ അപേക്ഷകർക്കായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര രൂപ എത്ര പേർക്ക് ചികിത്സാ സഹായമായി വിതരണം ചെയ്തു എന്നറിയിക്കാമോ;

(ബി) സഹായം അനുവദിച്ചിട്ട് മാസങ്ങൾ പിന്നിട്ടിട്ടും ഇനിയും വിതരണം ചെയ്യാത്ത തുക ഉടനെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## മാനഭംഗ കേസ്സുകളുടെ വിചാരണയ്ക്ക് പ്രത്യേക കോടതി

7691 ഡോ. കെ.ടി ജലീൽ
ശ്രീ. കെ. വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനഭംഗ കേസ്സുകളുടെ വിചാരണയ്ക്ക് പ്രത്യേക കോടതി സ്ഥാപിക്കണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്മേൽ എന്ത് നിലപാട് സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര കേസുകളാണ് കെട്ടിക്കിടക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രത്യേക കോടതി സ്ഥാപിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിലെ എ. പി. എൽ, ബി. പി. എൽ. അപേക്ഷകൾ</u>

7692 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ എത്ര എ.പി.എൽ, ബി.പി.എൽ അപേക്ഷകൾ ലഭിച്ചു;

(ബി) എങ്കിൽ ജില്ല തിരിച്ച് ഇവയുടെ കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ തീർപ്പു കല്പിച്ച അപേക്ഷകൾ എത്ര; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ട്</u>

7693 ശ്രീ. ഷാഫി പറമ്പിൽ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ആരുടെ നേതൃത്വത്തിലാണ് ഇത് തുടങ്ങുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമന്യായാലയങ്ങൾ</u>

7694 ശ്രീ. സി. മോയീൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ</u>

7695 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (എസ്.എ.റ്റി) സംസ്ഥാനത്ത് എന്നാണ് നിലവിൽ വന്നത്;

(ബി) സർവ്വീസ് കേസുകൾ കൈകാര്യം ചെയ്യുന്നതിന് ട്രിബ്യൂണലിൽ എത്ര ഡിവിഷൻ ബെഞ്ചുകൾ നിലവിലുണ്ട്;

(സി) ഹൈക്കോടതിയിൽ ഇപ്പോഴും സർവ്വീസ് കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക ബെഞ്ചുകൾ നിലവിലുണ്ടോ;

(ഡി) സർവ്വീസ് സംബന്ധമായ കേസുകൾ വർദ്ധിച്ചുവരുന്നതിനാൽ എത്രയുംവേഗം തീർപ്പാക്കുന്നതിനുവേണ്ടി എസ്.എ.റ്റി.യുടെ കൂടുതൽ ഡിവിഷൻ ബെഞ്ചുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം

7696 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച് നയം വ്യക്തമാക്കുമോ;

(ബി) എപ്രകാരം ഇത് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) എല്ലാവിഭാഗം ജീവനക്കാരേയും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസിന്റെ പരിഷ്ക്കരണം സംബന്ധിച്ച</u>
<u>പഠന റിപ്പോർട്ട്</u>

7697 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിവിൽ സർവ്വീസിന്റെ പരിഷ്ക്കരണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി നാളിതുവരെ എത്ര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് സെക്രട്ടറിയേറ്റ് മാതൃകയിൽ ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കുന്ന കാര്യം പരിഗണിക്കാമോ;

(ഡി) അന്തർസംസ്ഥാന സ്ഥലംമാറ്റം ലഭിച്ച പുതിയ വകുപ്പുകളിൽ ജോലി ചെയ്യുന്നവരുടെ പ്രൊമോഷനുകൾക്ക് മുൻ വകുപ്പിലെ സർവ്വീസ് പരിഗണിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ഗസ്റ്റ് ഹൗസുകളിൽ എം.എൽ.എ.മാരുടെ പി.എ.മാർക്ക് സൗജന്യ നിരക്കിൽ മുറി അനുവദിക്കുന്നതിന് നടപടി

7698 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകളിൽ താമസത്തിന് മുറി അനുവദിക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഗ്രൂപ്പ് എ മുതൽ ഡി വരെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ഗസ്റ്റ് ഹൗസുകളിൽ മുറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് കൺസഷണൽ റേറ്റിൽ മുറി അനുവദിക്കുന്നത് ഏതൊക്കെ ഗസ്റ്റ് ഹൗസുകളിലാണ്; ഒരു ദിവസത്തേക്ക് എത്ര രൂപയാണ് ഈടാക്കുന്നത്;

(ഡി) എം.എൽ.എ മാരുടെ പി. എ മാർക്ക് എല്ലാ ഗസ്റ്റ് ഹൗസുകളിലും സൗജന്യ നിരക്കിൽ മുറി അനുവദിക്കാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) ഔദ്യോഗിക ആവശ്യങ്ങൾക്കായി എം.എൽ.എ മാരോടൊപ്പം ഗസ്റ്റ് ഹൗസുകളിൽ പ്രത്യേക മുറി അനുവദിക്കുമ്പോൾ പോലും പി.എ മാർക്ക് കൺസഷൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) എം.എൽ.എ യുടെ ഔദ്യോഗിക കാര്യങ്ങൾക്കായി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സഞ്ചരിക്കേണ്ടി വരുന്ന പി. എ മാർക്ക് സംസ്ഥാനത്തെ എല്ലാ ഗസ്റ്റ് ഹൗസുകളിലും സൗജന്യ നിരക്കിൽ മുറി അനുവദിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>എ. ഡി. എസ്, സി. ഡി. എസ് ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡങ്ങൾ</u>

7699 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഥിരവരുമാനമോ ഓണറേറിയമോ കൈപ്പറ്റുന്നവർ എ. ഡി. എസ്, സി. ഡി. എസ്. ഭാരവാഹി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുവാൻ അർഹരാണോ ;

(ബി) പ്രസ്തുത ആൾക്കാർ ഭാരവാഹിസ്ഥാനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഏതെങ്കിലും ഒരു സ്ഥാനം രാജി വയ്ക്കേണ്ടി വരുമോ ;

(സി) എ. ഡി. എസ്, സി. ഡി. എസ്. ഭാരവാഹികൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്ന സ്ഥാനങ്ങൾ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ ;

(ഡി) സ്ഥിരവരുമാനമോ, ഓണറേറിയമോ പറ്റുന്നവർക്ക് എ. ഡി. എസ്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

**<u>കുറ്റാരോപിതനോട് റിപ്പോർട്ട് ആവശ്യപ്പെടുന്നത് മൂലം നീതി ലഭിക്കാത്ത നടപടി</u>**

7700 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താഴെ തലങ്ങളിലുള്ള ഓഫീസിനെ സംബന്ധിച്ച് വകുപ്പ് മന്ത്രിക്കോ വകുപ്പ് മേധാവിക്കോ നൽകുന്ന പരാതിയിന്മേൽ, കുറ്റാരോപിതനായ ആളിനോട് തന്നെ റിപ്പോർട്ട് ആവശ്യപ്പെടുന്നത് മൂലം നീതി ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ ആക്ഷേപം പരിശോധിക്കുന്നതിനും വിശദ റിപ്പോർട്ട് നൽകുന്ന തിനും ബന്ധപ്പെട്ട ഓഫീസിന് തൊട്ട് മുകളിലുള്ള ഓഫീസ് അധികാരിക്ക് നിർദ്ദേശം നൽകുകയും രണ്ട് പേരുടേയും ഭാഗം പരിശോധിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>അലീഗഡ് മുസ്ലീം യൂണിവേഴ്സിറ്റി</u>
<u>മലപ്പുറം സെന്ററിന്റെ തുടർവികസനം</u>

7701 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 28-6-2011-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അലീഗഡ് മുസ്ലീം യൂണിവേഴ്സിറ്റി മലപ്പുറം സെന്ററിന്റെ തുടർ വികസനത്തെ സംബന്ധിച്ച് നടന്ന ഉന്നതതല യോഗങ്ങളുടെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്</u>

7702 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏത് ഉദ്ദേശത്തോടെയാണ് ഈ സ്ഥാപനം ആരംഭിച്ചത് ;

(സി) ഈ സ്ഥാപനത്തിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ;

(ഡി) ഇവിടെ സ്ഥിരം മാത്തമാറ്റിക്സ് ബിരുദം, ബിരുദാന്തര കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ജനനമരണ നിരക്കുകളുടെ വിശദാംശം</u>

7703 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ ജനനമരണനിരക്കുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## വിശ്വകർമ്മദിനം പൊതു അവധി

7704 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വിശ്വകർമ്മസഭ, കാഞ്ഞിരപ്പള്ളി താലൂക്ക് യൂണിയൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് ഒപ്പിട്ടു നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിവിധ ആവശ്യങ്ങളെക്കുറിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) എല്ലാ വർഷവും സെപ്റ്റംബർ 17-ന് വിശ്വകർമ്മ ദിനം നെഗോഷ്യബിൾ ആക്ട് പ്രകാരം പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന നിവേദനത്തിലെ ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) സെപ്റ്റംബർ 17 വിശ്വകർമ്മദിനം നെഗോഷ്യബിൾ ആക്ട് പ്രകാരം പൊതു അവധിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സീനിയോറിറ്റി</u>

7705 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ജീവനക്കാരുടെ സീനിയോറിറ്റി കണക്കാക്കുന്നത് സംബന്ധിച്ച് 40071/കെ.1/2011/എച്ച്.&എഫ്.ഡബ്ല്യൂ.ഡി., 21256/കെ.1/2012/എച്ച്.& എഫ്. ഡബ്ല്യൂ.ഡി. എന്നീ ഫയലുകളിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് എന്തെല്ലാം ഉപദേശങ്ങളാണ് നൽകിയത്; വ്യക്തമാക്കുമോ;

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ ഉപദേശം ആരോഗ്യവകുപ്പ് അംഗീകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പിന് നിയമപരമായി ബാധ്യതയുണ്ടോ; എങ്കിൽ ബാധ്യതയുണ്ടായിരിക്കെ ആയതു പാലിച്ചില്ലെങ്കിൽ എന്തൊക്കെ നടപടികളാണ് ഭരണ വകുപ്പിന്റെ പേരിൽ സ്വീകരിക്കുക; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## പാട്ടക്കരാർ ലംഘനം

7706

ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റ് ഉടമകൾക്കു വേണ്ടി വനം വകുപ്പിൽ സമ്മർദ്ദം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്റ്റേറ്റ് ഉടമകൾക്ക് അപ്പീൽ ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ ട്രൈബ്യൂണൽ നിലവിലിരിക്കെ, ഗവൺമെന്റ് ചീഫ് വിപ്പ് അംഗമായിട്ടുള്ള ഒരു കമ്മിറ്റി നിയോഗിക്കപ്പെട്ടിട്ടുള്ളത് ശരിയാണോ; പ്രസ്തുത കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത് സർക്കാരിന്റെ അറിവോടുകൂടിയാണോ;

(സി) പാട്ടക്കരാർ ലംഘിച്ച തോട്ടമുടമകൾക്കെതിരെയുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നത്തിൽ വനം വകുപ്പ് മന്ത്രിയുടെ നിലപാടിനെതിരെ ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; ചീഫ് വിപ്പിനെ സംബന്ധിച്ച് വനം വകുപ്പ് മന്ത്രി നൽകിയ പരാതിയിൽ എന്താണ് പറഞ്ഞിട്ടുള്ളത്;

(ഇ) സഭയിൽ സത്യവിരുദ്ധമായി പറഞ്ഞ വനം വകുപ്പ് മന്ത്രിയുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ചീഫ് വിപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിൽ തീപിടുത്തം തടയുവാൻ നടപടി</u>

7707 ശ്രീ. എം. എ. വാഹിദ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാരാഷ്ട്ര സെക്രട്ടേറിയറ്റിൽ തീപിടുത്തമുണ്ടായ സാഹചര്യത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റിലും പ്രധാന ഓഫീസുകളിലും ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് വിശദമാക്കുമോ ;

(ബി) ഇതിനായി റിപ്പോർട്ട് നൽകുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ അതിലെ ശുപാർശകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?